**Signature and Name of Invigilator**

1. (Signature) ______________________

   (Name) ______________________

2. (Signature) ______________________

   (Name) ______________________

**OMR Sheet No. :** ......................................................

(To be filled by the Candidate)

**Roll No.** | | | | | | | |

(In figures as per admission card)

**Roll No.** ______________________

(In words)

**Test Booklet No.**

**D – 2208**

**PAPER – II**

# MALAYALAM

**Time : 1¼ hours]** **[Maximum Marks : 100**

Number of Pages in this Booklet : **16** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the question booklet will be replaced nor any extra time will be given.**
   (iii) After this verification is over, the Test Booklet Number should be entered in the OMR Sheet and the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the oval as indicated below on the correct response against each item.

   **Example :** (A) (B) ⬬ (D)

   where (C) is the correct response.
5. Your responses to the items are to be indicated in the Answer Sheet given **inside the Paper I booklet only**. If you mark at any place other than in the ovals in the Answer Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your name or put any mark on any part of the test booklet, except for the space allotted for the relevant entries, which may disclose your identity, you will render yourself liable to disqualification.
9. You have to return the test question booklet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is NO negative marking.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी। पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें। खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं। दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें। इसके लिए आपको पाँच मिनट दिये जायेंगे। उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा।**
   (iii) इस जाँच के बाद प्रश्न-पुस्तिका की क्रम संख्या OMR पत्रक पर अंकित करें और OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं। आपको सही उत्तर के दीर्घवृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है।

   **उदाहरण :** (A) (B) ⬬ (D)

   जबकि (C) सही उत्तर है।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये** उत्तर-पत्रक पर ही अंकित करने हैं। यदि आप उत्तर पत्रक पर दिये गये दीर्घवृत्त के अलावा किसी अन्य स्थान पर उत्तर चिन्हांकित करते है, तो उसका मूल्यांकन नहीं होगा।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें।
8. यदि आप उत्तर-पुस्तिका पर अपना नाम या ऐसा कोई भी निशान जिससे आपकी पहचान हो सके, किसी भी भाग पर दर्शाते या अंकित करते हैं तो परीक्षा के लिये अयोग्य घोषित कर दिये जायेंगे।
9. आपको परीक्षा समाप्त होने पर उत्तर-पुस्तिका निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद अपने साथ परीक्षा भवन से बाहर न लेकर जायें।
10. **केवल नीले/काले बाल प्वाईंट पैन का ही इस्तेमाल करें।**
11. **किसी भी प्रकार का संगणक ( कैलकुलेटर ) या लाग टेबल आदि का प्रयोग वर्जित है।**
12. **गलत उत्तर के लिए अंक नहीं काटे जायेंगे।**

# MALAYALAM

## PAPER II

Note : ഈ ചോദ്യക്കടലാസിൽ അമ്പത് (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും രണ്ടു (2) മാർക്ക്. ഉത്തരക്കടലാസിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

**1.** സംസകൃതവും ദക്ഷിണേന്ത്യൻ ഭാഷകളും ഏക ഗോത്രകമല്ലെന്നു നിരീക്ഷിച്ച പ്രഥമ പണ്ഡിതൻ

(A) കാൽഡ്വെൽ (B) എഫ്. ഡബ്ലിയൂ. എല്ലിസ്

(C) എ.ഡി. കാംപ്ബെൽ (D) ഷൂൾബ്ലോക്ക്

**2.** ദക്ഷിണ ദ്രാവിഡ ശാഖയിൽപെട്ട ഭാഷകളുടെ ശരിയായ പട്ടിക ഏത്?

(A) തമിഴ് - മലയാളം - കൊടക് - തോദ

(B) തെലുങ്ക് - കൊടക് - തുളു - ഗോണ്ഡി

(C) തമിഴ് - മലയാളം - തെലുങ്ക് - മാൽത്തോ

(D) കന്നഡ - കുയി - കുവി - തെലുങ്ക്

**3.** 'ചില പ്രയോഗങ്ങൾ മലയാളത്തെ അനുസരിക്കുന്നതുകൊണ്ടും, ഉത്പത്തി സ്ഥാനം കേരളമായതു കൊണ്ടും മലയാള കാവ്യമെന്നു പറയാമെങ്കിലും സൂക്ഷ്മമായി പരിശോധിച്ചാൽ ഇതിലെ ഭാഷ തമിഴാണെന്നു ശീഘ്രമായി ബോധപ്പെടുന്നതാകുന്നു' - ഏതു കൃതിയെപ്പറ്റിയാണ് ഈ പരാമർശം?

(A) തിരുനിഴൽ മാല (B) രാമകഥപ്പാട്ട്

(C) രാമചരിതം (D) ഭാഷാകൗടലീയം

**4.** ശരിയായ ക്രമീകരണം ഏത്?

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| (a) | സംസ്കൃതം അനാദി | (i) | കാൽഡ്വെൽ |
| (b) | സംസ്കൃതഹിമഗിരി ഗളിതാ | (ii) | ലീലാതിലകകാരൻ |
| (c) | ദ്രാവിഡ ഭാഷകൾ സംസ്കൃത ജന്യമല്ല | (iii) | കോവുണ്ണി നെടുങ്ങാടി |
| (d) | സംസ്കൃതവും തമിഴും കലർന്ന മിശ്രഭാഷയിൽനിന്ന് മലയാള ഭാഷോത്പത്തി | (iv) | വടക്കും കൂർ |
| | | (v) | ഇളംകുളം |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (ii) | (i) | (iii) | (iv) |
| (B) | (ii) | (iii) | (i) | (v) |
| (C) | (iv) | (iii) | (ii) | (v) |
| (D) | (ii) | (i) | (iv) | (iii) |

5. പുരാണ കഥകൾ സദസ്സിൽ വിസ്തരിക്കാൻ ഉപയോഗിച്ചിരുന്ന ഭാഷയാണ്-
(A) നമ്പ്യാന്തമിഴ് (B) ഭാഷാമിശ്രം
(C) നങ്ങ്യാർതമിഴ് (D) തമിഴ്കവി

6. 'അഗഡിയ മലബാറിക്ക'യിലെ പ്രതിപാദ്യമെന്ത്?
(A) കേരളത്തിലെ സസ്യജാലം (B) മലബാറിലെ സസ്യങ്ങൾ
(C) കേരളത്തിലെ വാങ്മയങ്ങൾ (D) മലബാറിലെ ദായക്രമം

7. കാര്യം: നാടൻ പാട്ടുകളുടെ ഭാഷാപഗ്രഥനത്തിലൂടെ അതു നിർമ്മിക്കപ്പെട്ട കാലഘട്ടത്തിലെ ഭാഷാ രീതിയെപ്പറ്റി വ്യക്തമായ വിവരങ്ങളൊന്നും ലഭിക്കുന്നില്ല.
കാരണം: (i) നാടൻപാട്ടുകളുടെ ഭാഷ അവ്യക്തമായതിനാൽ
(ii) പാട്ടുകാർ പുതിയ പാഠങ്ങൾ ചേർക്കുന്നതിനാൽ
(iii) ലിഖിത രൂപത്തിൽ ലഭിക്കുന്നതിനാൽ
(iv) പാട്ടുകാർ അപാമരന്മാരായതിനാൽ
(A) (i) ഉം (iii) ഉം ശരി (B) (ii) ശരി
(C) (ii) ഉം (iv) ഉം ശരി (D) ഇതൊന്നും ശരിയല്ല

8. ''തമിഴ്മണി സംസ്കൃത പവഴം
കോക്കിന്റേൻ വൃത്തമാന ചെന്തമ്മേൽ''
ഈ വരികൾ ഏതു കൃതിയിലുള്ളതാണ് ?
(A) ആലത്തൂർ മണിപ്രവാളം (B) ബ്രഹ്മാണ്ഡ പുരാണം
(C) നളചരിതം (D) യോഗപഞ്ചശതം

9. കൂടിയാട്ടത്തിന് ഉപയോഗിച്ചിരുന്ന പ്രഹസനം
(A) പ്രതിജ്ഞാ യൗഗന്ധരായണം (B) ദ്യൂതവാക്യം
(C) മത്തവിലാസം (D) ശൂർപ്പണഖാങ്കം

10. കൗടല്യന്റെ അർത്ഥശാസ്ത്രത്തിൽ പരാമൃഷ്ടമായിട്ടുള്ള കേരളത്തിലെ നദി
(A) നിള (B) ചൂർണി
(C) സൗപർണിക (D) താമ്രപർണി

11. 'ചെറുശ്ശേരിഭാരതം' എന്ന് അറിയപ്പെടുന്ന കൃതി
(A) ഭാരതമല (B) മാവാരതം പാട്ട്
(C) ഭാരത ഗാഥ (D) ഭാരതം പാട്ട്

12. 'കിളിപ്പാട്ടിലെ ഭാഷ ഒരെടുത്തു ചാട്ടമല്ല' – വക്താവ് ആര്?

(A) ചേലനാട്ട് അച്യുതമേനോൻ (B) കെ.എൻ. എഴുത്തച്ഛൻ

(C) എൻ. കൃഷ്ണപിള്ള (D) ആർ. നാരായണപ്പണിക്കർ

13. സാഹിത്യ ചരിത്രത്തിൽ 1858നുള്ള പ്രാധാന്യം

(A) കോളിൻസു മദാമ്മയുടെ 'ഘാതകവധ'ത്തിന്റെ പ്രസാധനം

(B) എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം ആദ്യമായി അച്ചടിച്ചു

(C) 54 ദിവസത്തെ ആട്ടക്കഥകളുടെ പ്രകാശനം

(D) സംക്ഷേപ വേദാർത്ഥത്തിന്റെ പ്രസിദ്ധീകരണം

14. ചില നളചരിതം വ്യാഖ്യാനങ്ങളും അവയുടെ രചയിതാക്കളും രണ്ടു പട്ടികയായി താഴെ ചേർത്തിരിക്കുന്നു. ശരിയായ ഗണമേത്?

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| (a) | കാന്താരതാരകം | (i) | എം.എച്ച്. ശാസ്ത്രി |
| (b) | രസികകൗതുകം | (ii) | പന്മന രാമചന്ദ്രൻ നായർ |
| (c) | കൈരളി | (iii) | ദേശമംഗലത്തു രാമ വാര്യർ |
| (d) | സഹൃദയരഞ്ജിനി | (iv) | ആർ.നാരായണപ്പണിക്കർ |
| | | (v) | ഏ.ആർ. രാജരാജവർമ്മ |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (v) | (ii) | (i) | (iii) |
| (B) | (v) | (i) | (ii) | (iv) |
| (C) | (v) | (i) | (ii) | (iii) |
| (D) | (i) | (ii) | (iii) | (v) |

15. ചരിത്രം പ്രമേയമായിട്ടുള്ള ചമ്പൂകാവ്യം

(A) അമോഘരാഘവം (B) കൊടിയ വിരഹം

(C) മാർത്താണ്ഡോദയം (D) സുജാതോദ്വാഹം

16. 'ഏകലോചനം' എന്ന അഭിനയ സമ്പ്രദായത്തിനു ഹേതു ഭൂതമായ കൃതി

(A) കിർമ്മീരവധം (B) ദക്ഷയാഗം

(C) ഉത്തരാസ്വയംവരം (D) രാവണ വിജയം

17. കുഞ്ചൻ നമ്പ്യാർ ശീതങ്കൻ തുള്ളലിൽ ഉപയോഗിച്ചിട്ടുള്ള വൃത്തമാണ്

(A) കൃശമധ്യ (B) ശിതാഗ്ര

(C) തരംഗിണി (D) മദമന്ഥര

18. ഉണ്ണായിവാരിയരുടേതെന്ന് വിശ്വസിക്കപ്പെടുന്ന കൃതി

(A) ഭാഷാഷ്ടപദി
(B) ഗിരിജാ കല്യാണം
(C) ജാനകീ പരിണയം
(D) രാഘവാഭ്യുദയം

19. **കാര്യം :** കുഞ്ചൻ നമ്പ്യാരും രാമപാണിവാദനും രണ്ടുപേരല്ല; ഒരാൾ തന്നെയാണ്

**കാരണം :** ഭട ജനങ്ങൾക്കു ചേരുന്ന ചാരുവായ കേരളഭാഷയിലാണ് കുഞ്ചൻ നമ്പ്യാർ രചന നടത്തിയിട്ടുള്ളത്. രാമപാണിവാദന്റെ കൃതികൾ സംസ്കൃതത്തിലും പ്രാകൃതത്തിലുമാണ് രചിച്ചിരിക്കുന്നത്.

(A) കാര്യം ശരിയും കാരണം അതിനു ചേരാത്തതുമാണ്
(B) കാര്യം ശരിയും കാരണം തെറ്റുമാണ്
(C) കാര്യം തെറ്റും കാരണം ശരിയുമാണ്
(D) കാരണം തെറ്റാണ്

20. അർച്ചനാഗീതം എന്ന വിശേഷണം അർഹിക്കുന്ന കവിത

(A) സൂര്യകാന്തി
(B) വിശ്വരൂപം
(C) വീണപൂവ്
(D) മലയവിലാസം

21. ശരിയായി ചേർത്തെഴുതിയ ഗണമേത്?

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| (a) | പരമരിയകിനാവിലെ ഫലം<br>പറകമന: ഖഗ നീ ഭുജിക്കുമോ? | (i) | ചണ്ഡാലഭിക്ഷുകി |
| (b) | നിനയാഗുണപുഷ്പവാടിഞാ-<br>നിനിയാക്കാട്ടുകുരങ്ങിനേകുവാൻ | (ii) | ദുരവസ്ഥ |
| (c) | മാറ്റുവിൻ ചട്ടങ്ങളെസ്സ്വയമല്ലെങ്കിൽ<br>മാറ്റുമതുകളീ നിങ്ങളെത്താൻ | (iii) | നളിനി |
| (d) | കരുതുവതിഹ ചെയ്യുവയ്യചെയ്യാൻ<br>വരുതി ലഭിച്ചതിൽ നിന്നിടാവിചാരം | (iv) | ലീല |
| | | (v) | ചിന്താവിഷ്ടയായ സീത |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (iv) | (v) | (ii) | (iii) |
| (B) | (iii) | (iv) | (i) | (ii) |
| (C) | (ii) | (iii) | (iv) | (v) |
| (D) | (iv) | (v) | (iii) | (ii) |

22. ‘—ശാപ്പിടുന്നു പകലെന്നോർക്കാതെ കുറുനരികൾ - ഇവിടെ ‘പകലെന്നോർക്കാതെ’ എന്നതുകൊണ്ട് സൂചിതമാകുന്നത് എന്താണ്?

(A) വിജന പരിസരത്തെ
(B) കുറുനരികളുടെ ധൈര്യത്തെ
(C) ശാപ്പാടിലുള്ള ആവേശത്തെ
(D) ഭീകരാന്തരീക്ഷത്തെ

23. ഹോർത്തുസ് മലബാറിക്കസിൽ ഉപയോഗിച്ചിട്ടുള്ള ഭാഷകളെ സംബന്ധിച്ച ശരിയായ ഗണമേത്?

(A) ഇംഗ്ലീഷ്, ലത്തീൻ, ഡച്ച്, മലയാളം
(B) ലത്തീൻ, അറബി, കൊങ്കിണി, മലയാളം
(C) അറബി, സംസ്കൃതം, ഇംഗ്ലീഷ്, മലയാളം
(D) മലയാളം, ഗ്രീക്ക്, ലത്തീൻ, സംസ്കൃതം

24. ഇന്ത്യയിൽ ആദ്യമായി മലയാളം അച്ചടി ആരംഭിച്ചത് എവിടെ? ഏതു പ്രസ്സിൽ?

(A) കോട്ടയം സി.എം.എസ്.പ്രസ്സ്
(B) മംഗലാപുരം ബാസൽമിഷൻ പ്രസ്സ്
(C) ബോംബെ കുറിയർ പ്രസ്സ്
(D) അമ്പഴക്കാട്ട് ജസ്യൂട്ട് പ്രസ്സ്

25. 'Grammar of the Malabar Language' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് -

(A) ആഞ്ജലോസ് ഫ്രാൻസിസ്
(B) ജോസഫ് പിറ്റ്
(C) പൗളിനോസ്
(D) റോബർട് ഡ്രമണ്ട്

26. ശരിയായി ചേർത്തെഴുതിയ ഗണമേതു?

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| (a) | കവനോദയം | (i) | ഗുണ്ടർട്ട് |
| (b) | പശ്ചിമോദയം | (ii) | കണ്ടത്തിൽ വർഗ്ഗീസ്മാപ്പിള |
| (c) | ഭാഷാപോഷിണി | (iii) | സി.പി. അച്യുതമേനോൻ |
| (d) | രസികരഞ്ജിനി | (iv) | കടത്തനാട്ട് ഉദയവർമ്മ |
| | | (v) | കുഞ്ഞിക്കുട്ടൻ തമ്പുരാൻ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (iv) | (i) | (ii) | (v) |
| (B) | (iv) | (ii) | (i) | (iii) |
| (C) | (ii) | (iii) | (i) | (iv) |
| (D) | (v) | (iv) | (iii) | (ii) |

**27.** പശ്ചിമതാരക, വിദ്യാസംഗ്രഹം, കേരളം, സന്ദിഷ്ടവാദി എന്നീ പത്രമാസികകൾ ആരംഭിച്ച വർഷം ക്രമത്തിനു വരുന്ന പട്ടിക ഏത്?

(A) 1861, 1863, 1865, 1866
(B) 1862, 1864, 1867, 1868
(C) 1863, 1864, 1866, 1867
(D) 1863, 1864, 1865, 1867

**28.** കേരള വർമ്മവലിയ കോയിത്തമ്പുരാന്റെ 'അന്യാപദേശശതകം' എന്നഗ്രന്ഥത്തിനു ചേരുന്ന പ്രത്യേകത ഏത്?

(A) പ്രാസദീക്ഷയില്ലാതെ കേരളവർമ്മ രചിച്ചകൃതി
(B) പ്രാസം അനായാസം ദീക്ഷിച്ചിട്ടുള്ള കൃതി
(C) പ്രാസം ദീക്ഷിച്ചിട്ടുള്ള സ്വതന്ത്രകൃതി
(D) സാരോപദേശം പ്രമേയമായിട്ടുള്ള കൃതി

**29.** ''പുല്ലാണെനിക്കുപടയാളികൾ നിൻ കടക്കൺ
തല്ലാണു തേന്മൊഴി തടുത്തിടുവാൻ ഞെരുക്കം
തെല്ലാകയാൽ കനിവിയന്നു തുണയ്ക്കണം നീ-
യല്ലായ്കിലാങ്ങളകൾ തൻപണി പെങ്ങൾ ചെയ്യും.''
- ഈ പദ്യം ഏതു കൃതിയിലേതാണ്?

(A) തുപ്പൽ കോളാമ്പി
(B) ശക്തൻ തമ്പുരാൻ
(C) നല്ലഭാഷ
(D) കോമപ്പൻ

**30.** ഭാവപക്ഷത്തിൽ അനുഭവത്തനിമയും രൂപപക്ഷത്തിൽ ഭാഷാത്തനിമയും ദീക്ഷിച്ച കവികൾ -

(A) കൊടുങ്ങല്ലൂർ കവികൾ
(B) മണിപ്രവാളകവികൾ
(C) നിരണം കവികൾ
(D) പാട്ടു കവികൾ

**31.** അലങ്കാരശാസ്ത്രം രചിച്ച മിഷണറി പ്രവർത്തകൻ

(A) പൗളിനോസ്
(B) കോളിൻസ്
(C) ഫാദർ ജരാർദ്
(D) അർണോസുപാതിരി

32. രണ്ടു ഗ്രന്ഥനാമങ്ങളുള്ള ഗ്രന്ഥങ്ങളുടെ പട്ടിക താഴെ ചേർത്തിരിക്കുന്നു. ശരിയായ ഗണമേത്?

| | പട്ടിക I | | പട്ടി II |
|---|---|---|---|
| (a) | നളിനി | (i) | കുമാരഹരണം |
| (b) | പാത്തുമ്മയുടെ ആട് | (ii) | പെൺബുദ്ധി |
| (c) | സന്താനഗോപാലം പാന | (iii) | ഖണ്ഡ കഥാപ്രസ്ഥാനം |
| (d) | ചെറുകഥാ പ്രസ്ഥാനം | (iv) | ഒരു സ്നേഹം |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (ii) | (v) | (i) | (iv) |
| (B) | (v) | (ii) | (i) | (iii) |
| (C) | (i) | (ii) | (iii) | (iv) |
| (D) | (iii) | (iv) | (v) | (i) |

33. എഴുത്തച്ഛൻ പുരസ്കാരം ലഭിച്ച മുറയ്ക്കുള്ള ഗണമേത്?

(A) സുകുമാർ അഴീക്കോട്, ഗുപ്തൻനായർ, കോവിലൻ, ഒ.എൻ.വി. കുറുപ്പ്

(B) ഗുപ്തൻനായർ, കോവിലൻ, സുകുമാർ അഴീക്കോട് ഒ.എൻ.വി. കുറുപ്പ്

(C) കോവിലൻ, ഗുപ്തൻ നായർ, ഒ.എൻ. വി. കുറുപ്പ്

(D) സുകുമാർ അഴീക്കോട്, കോവിലൻ, ഗുപ്തൻ നായർ, ഒ.എൻ.വി. കുറുപ്പ്

34. ശരിയായി ചേർത്തെഴുതിയ ഗണമേത്?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | മധുരം ഗായതി | (i) | ഹാസ്യവും ദർശനവും കലർന്ന നോവൽ |
| (b) | എന്തുണ്ടുവിശേഷം പീലാത്തോസേ | (ii) | നാടകാവതരണ പ്രശ്നത്തെ സ്പർശിക്കുന്ന നോവൽ |
| (c) | ഒരുദളിത് യുവതിയുടെ കദനകഥ | (iii) | രാഷ്ട്രീയ നോവൽ |
| (d) | വ്യാസനും വിഘ്നേശ്വരനും | (iv) | പുസ്തകങ്ങളെക്കുറിച്ചുള്ള നോവൽ |
| | | (v) | പ്രകൃതിക്കു പ്രാമുഖ്യമുള്ള നോവൽ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (iii) | (i) | (ii) | (iv) |
| (B) | (i) | (ii) | (v) | (iii) |
| (C) | (v) | (i) | (iii) | (iv) |
| (D) | (v) | (i) | (ii) | (iv) |

35. ശരിയായ ഗണമേത്?

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| (a) | സ്നേഹിക്കയില്ലഞാൻ നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും. | (i) | പി. ഭാസ്കരൻ |
| (b) | ഭൂമികന്യയെ വേൾക്കാൻ വന്ന മോഹമേയിന്ദ്ര - കാർമ്മുഖമെടുത്തു നീ കുലച്ചു തകർത്തെന്നോ? | (ii) | ഒ.എൻ.വി. കുറുപ്പ് |
| (c) | ചികയുന്നോ ചിരിവരും ചിലതിനിയുമുണ്ടെന്നോ ചിതയിലേയ്ക്കവയെടുത്തെറിയൂ വേഗം | (iii) | വയലാർ രാമവർമ്മ |
| (d) | ഉയരും ഞാൻ നാടാകെപ്പടരും ഞാനൊരു പുത്ത- നുയിർ നാട്ടിനേകിക്കൊണ്ടുയരും വീണ്ടും. | (iv) | ചങ്ങമ്പുഴ കൃഷ്ണപിള്ള |
| | | (v) | പുതുശ്ശേരി രാമചന്ദ്രൻ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (i) | (iii) | (v) | (iv) |
| (B) | (ii) | (i) | (iii) | (v) |
| (C) | (iii) | (ii) | (iv) | (i) |
| (D) | (iv) | (ii) | (iii) | (i) |

36. ഒന്നാം പട്ടികയിലെ ഗ്രന്ഥങ്ങളുടെ കർത്താക്കളെ രണ്ടാം പട്ടികയിൽ പരാമർശിച്ചിട്ടുണ്ട്. ശരിയായ ഗണമേത്?

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| (a) | നാടക രൂപ ചർച്ച | (i) | മടവൂർ ഭാസി |
| (b) | നാടക ദർപ്പണം | (ii) | മേക്കൊല്ല |
| (c) | നവീനനാടകാദർശം | (iii) | കാട്ടുമാടം നാരായണൻ |
| (d) | നാടക സർവ്വസ്വം | (iv) | എൻ. എൻ. പിള്ള |
| | | (v) | സി.ജെ. തോമസ് |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (iii) | (iv) | (ii) | (i) |
| (B) | (i) | (ii) | (iv) | (v) |
| (C) | (ii) | (i) | (iii) | (iv) |
| (D) | (iii) | (ii) | (iv) | (i) |

37. ചില ഗ്രന്ഥങ്ങളും അവയിലെ പ്രമേയങ്ങളും രണ്ടു പട്ടികയായി കൊടുത്തിരിക്കുന്നു. ശരിയായ ഗണമേത്?

| | പട്ടിക - I | | പട്ടിക - II |
|---|---|---|---|
| (a) | മറിയാമ്മ നാടകം | (i) | സ്വാർത്ഥ വിചാരം |
| (b) | ശാരദ | (ii) | നാടകവിചാരം |
| (c) | ഭ്രഷ്ട് | (iii) | രാഷ്ട്രീയം |
| (d) | ഇതു ഭൂമിയാണ് | (iv) | അമ്മായിയമ്മപ്പോര് |
| | | (v) | വ്യവഹാരം |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (ii) | (iv) | (iii) | (v) |
| (B) | (iv) | (v) | (i) | (ii) |
| (C) | (i) | (ii) | (iii) | (iv) |
| (D) | (iii) | (ii) | (i) | (ii) |

38. 'ചെറുകാട്' എന്ന തൂലികാനാമം ആരുടേത്?

(A) സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്
(B) ഗോവിന്ദ ഗണകൻ
(C) ഗോവിന്ദൻ നായർ
(D) സി. ഗോവിന്ദപ്പിഷാരടി

39. രാമായണേതര പ്രമേയമുള്ള സി.എൻ.ശ്രീകണ്ഠൻ നായരുടെ നാടകം

(A) സാകേതം
(B) കുടത്തിലെ വിളക്ക്
(C) കലി
(D) ബലി

40. വ്യക്തി നാമങ്ങളും തൂലികാനാമങ്ങളും രണ്ടു പട്ടികയായി താഴെ ചേർത്തിരിക്കുന്നു. ശരിയായ ഗണമേത്?

| | പട്ടിക - I | | പട്ടിക - II |
|---|---|---|---|
| (a) | പി. ശ്രീധരൻ പിള്ള | (i) | തിക്കൊടിയൻ |
| (b) | പി. കുഞ്ഞി അനന്തൻ നായർ | (ii) | സഞ്ജയൻ |
| (c) | എം. രാമുണ്ണി നായർ | (iii) | പാറപ്പുറത്ത് |
| (d) | കെ. ഇ. മത്തായി | (iv) | സീതാരാമൻ |
| | | (v) | ഹാസ്യത്ത് |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (iv) | (i) | (ii) | (iii) |
| (B) | (v) | (ii) | (iii) | (iv) |
| (C) | (iv) | (i) | (ii) | (v) |
| (D) | (iii) | (v) | (ii) | (iv) |

41. കുട്ടികൃഷ്ണമാരാരുടെ നിരൂപണ സമ്പ്രദായത്തിൻെറ ചില സവിശേഷതകൾ-

(i) നിഷ്പക്ഷനിരൂപണം എന്നൊന്നില്ല

(ii) സാഹിത്യത്തിന് ശാശ്വത മൂല്യം എന്നൊന്നില്ല

(iii) നിരൂപണം സർഗ്ഗാത്മകമായിരിക്കണം

(A) (i) ഉം (ii) ഉം ശരി

(B) (ii) ഉം (iii) ഉം ശരി

(C) (i) ഉം (iii) ഉം ശരി

(D) എല്ലാം ശരി

42. പട്ടിക I-ൽ ചില കാവ്യ ഭാഗങ്ങൾ നൽകുന്നു. പട്ടിക II-ൽ കവികളുടെ പേരുകളും ഇവ തമ്മിൽ പൊരുത്തപ്പെടുന്ന ഉചിതമായ ഗണമേത്?

| | പട്ടിക — I | | പട്ടിക — II |
|---|---|---|---|
| (a) | പൂത്തുയർന്ന ഒരുപാതാള വൃക്ഷമായിപി: വാക്കുകളുടെ മഹാബലി | (i) | എൻ.എൻ. കക്കാട് |
| (b) | പെരുമൂപ്പൻ വഴിയെന്നിതിനെ തൃപ്പേരു വിളിപ്പോമല്ലോ | (ii) | കെ. ജി. ശങ്കരപ്പിള്ള |
| (c) | അറിവീലഞാൻ, എൻമിഴിയിൽ തെളിയുന്നി - തനുതാപാർദ്രം തഥാഗത മന്ദസ്മിതം | (iii) | ജി. കുമാര പിള്ള |
| (d) | നിശ്ചല ബ്രഹ്മമായ് കത്തുമീയോർമ്മയാൽ ദുഃഖസത്യജ്ഞം സ്ഥിത പ്രജ്ഞമെൻ മനം | (iv) | ആർ. രാമചന്ദ്രൻ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (iii) | (ii) | (i) | (iv) |
| (B) | (ii) | (i) | (iv) | (iii) |
| (C) | (i) | (ii) | (iii) | (iv) |
| (D) | (ii) | (i) | (iii) | (iv) |

43. താൻ അധികപ്പറ്റാണ്, അപരിചിതനാണ്, അന്യനാണ് എന്ന ബോധം ആവിഷ്കരിക്കുന്ന നോവൽ –

(A) ആൾക്കൂട്ടം

(B) തോറ്റങ്ങൾ

(C) ഗുരുസാഗരം

(D) ഉഷ്ണമേഖല

44. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിൽ

(i) റൊമാന്റിസിസത്തിനു പ്രാധാന്യമുണ്ട്

(ii) ക്ലാസ്സിസിസത്തിനു പ്രാധാന്യമുണ്ട്

(iii) റിയലിസത്തിനും നിയോ ക്ലാസ്സിസിസത്തിനും പ്രാധാന്യമുണ്ട്

(iv) റിയലിസത്തിനു പ്രാധാന്യമുണ്ട്

(A) (i) - ഉം (ii) - ഉം ശരി

(B) (ii) - ഉം (iii) - ഉം ശരി

(C) (i) - ഉം (iv) - ഉം ശരി

(D) (iv) മാത്രം ശരി

45. പുരുഷ മേധാവിത്വത്തിന്റെ അതിരുകൾ ലംഘിക്കുന്ന 11 കഥകളുടെ സമാഹാരമാണ്

(A) പാപത്തറ

(B) നിലാവറിയുന്നു

(C) ആലാഹയുടെ പെൺമക്കൾ

(D) കാടിന്റെ സംഗീതം

**താഴെ കൊടുത്തിരിക്കുന്ന പ്രബന്ധ ഭാഗം വായിച്ച്, തുടർന്നുവരുന്ന ചോദ്യങ്ങൾക്ക് ഉത്തരം അടയാളപ്പെടുത്തുക.**

ഭൗതികമായ ചില ഗുണങ്ങളെ ആധാരമാക്കി സൗന്ദര്യനിർണ്ണയം ചെയ്യുവാൻ പല കലാചിന്തകന്മാരും ശ്രമിച്ചിട്ടുള്ളതായി കാണാം. പതിനെട്ടാം നൂറ്റാണ്ടിലെ പ്രസിദ്ധരാഷ്ട്രീയചിന്തകനായ ബർക്ക് തന്റെ ഒരു യുവകൃതിയിൽ അങ്ങനെ ഒരു ശ്രമം ചെയ്തിട്ടുണ്ട്. രമണീയം മഹനീയം, എന്നിവയ്ക്ക് തമ്മിലുള്ള വ്യത്യാസം പ്രകടിപ്പിക്കുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ മുഖ്യോദ്ദേശ്യം. എന്നാലും പ്രാസംഗികമായി അദ്ദേഹം രമണീയകത്തിന്റെ അധിഷ്ഠാനമായ ചില ഭൗതികഗുണങ്ങളെ പരാമർശിക്കുന്നുണ്ട്.

രമണീയമായ വസ്തു പ്രായേണ ചെറുതായിരിക്കണമെന്നാണ് അദ്ദേഹത്തിന്റെ ഒരു സിദ്ധാന്തം, രമണീയവസ്തുക്കളിൽ ഏതാണ്ടൊരു ഒതുക്കവും കൃശത്വവും ഓമനത്തവും നാം ദർശിക്കുന്നു. വലിപ്പം കൂടുമ്പോൾ രമണീയതയുടെയല്ല, മഹനീയതയുടെ പ്രതീതിയാണ് നമ്മിലുണ്ടാകുന്നത്. ഈ സിദ്ധാന്തമനുസരിച്ച് സൂര്യോദയമോ ഹിമാലയപർവ്വതമോ രമണീയമാണെന്നു പറഞ്ഞുകൂടാ. അവ മഹനീയമായ കാഴ്ചകളാണ്. കാളിദാസന്റെ ഹിമാലയ വർണ്ണനയിൽ, രമണീയമായ അംശങ്ങൾ അവിടവിടെ കാണുന്നുണ്ടെങ്കിലും ആകെക്കൂടി നോക്കുമ്പോൾ മഹത്വമാണ് മുന്നിട്ടുനിൽക്കുന്നത്. 'ഹിമാലയമോ നാമ നാഗധിരാജ:' എന്ന പദത്തിലെ `അ' കാരത്തിന്റെ മന്ദ്രദ്ധ്വനിതന്നെ ഇതിനു ദൃഷ്ടാന്തമാണ്. വലിപ്പം കൂടുന്തോറും സന്തുഷ്ടിയേക്കാൾ വിസ്മയമാണു മനസ്സിൽ പൊന്തിവരുന്നത്. സുന്ദരവസ്തുക്കൾ മനസ്സിനെ സുഖത്തിലാറാടിക്കുന്നു. എന്നാൽ വലിപ്പമുള്ള വസ്തുക്കൾ മനസ്സിനെ പിടിച്ചുയർത്തുന്നു. രമണീയവസ്തുക്കളിൽ സൗന്ദര്യവും മഹനീയവസ്തുക്കളിൽ

ശക്തിയും പ്രതിഫലിപ്പിക്കുന്നു അതുകൊണ്ട് ഒരു വസ്തു സുന്ദരമാണെന്നു പറയണമെങ്കിൽ അതു നമ്മുടെ കണ്ണിലും ഒതുങ്ങുന്നതായിരിക്കണം. അതായത് ചെറുതായിരിക്കണം. നമുക്ക് ഓമനത്തം തോന്നുന്ന വസ്തുക്കളുടെ നാമത്തോട് 'കൊച്ചു', 'കുഞ്ഞു' മുതലായ പദങ്ങൾ ചേർക്കുന്നത് സാധാരണമാണല്ലോ.

സൗന്ദര്യത്തിനാസ്പദമായ മറ്റൊരു ഗുണം മാർദ്ദവമാണ്. അഴകും പരുപരുപ്പും തമ്മിൽ പൊരുത്തമില്ല. ഖനിയിൽ നിന്നെടുക്കുന്ന രത്നത്തിനു മിനിപ്പുവരുത്തിയെങ്കിൽ മാത്രമേ അത് സുന്ദരമാകൂ. ഒന്നുകിൽ മാർദ്ദവം വേണം. അല്ലെങ്കിൽ മാർദ്ദവ്വമുണ്ടെന്നു തോന്നിക്കണം. താടിക്കാരന്റെ മുഖം നമ്മിൽ ആദരവുണ്ടാക്കിയേക്കാം. പക്ഷേ, ക്ഷൗരംചെയ്തെങ്കിൽ മാത്രമേ അത് സൗന്ദര്യജന്യമായ ആനന്ദം കാണികളിൽ ഉളവാക്കുകയുള്ളു. അതുകൊണ്ട് മാർദ്ദവത്തെ സൗന്ദര്യത്തിന്റെ അഭിന്നഘടകമായി ബർക്ക് കണക്കാക്കുന്നു.

ആകൃതിയെ സംബന്ധിച്ചും ബർക്കിനു ചിലതു പറയുവാനുണ്ട്. സുന്ദരമായ വസ്തുക്കളൊന്നിലും ഋജുരേഖമുന്നിട്ടുനിൽക്കുകയില്ലെന്നാണ് അദ്ദേഹത്തിന്റെ വാദം. അഴകുള്ള ഏതു വസ്തുവിലും ഒരു വളവും കാണാതിരിക്കുകയില്ല. ആ വളവു പൊടുന്നനവെയുള്ളതായിരിക്കുകയില്ല. തനിവൃത്തത്തിൽ യാതൊരു ഭംഗിയുമില്ലെന്നാണ് ബർക്കിന്റെ വാദം. വട്ടക്കണ്ണ്, വട്ടത്തല മുതലായവ സങ്കല്പിക്കുക. ഗുന്ദരമായ വസ്തുവിലെ വളവു മെല്ലമെല്ലെയാണു പ്രത്യക്ഷപ്പെടുക. നേർവര മുന്നിട്ടു നില്ക്കുന്ന വസ്തുക്കൾ ചിലപ്പോൾ മഹനീയമായിരിക്കാമെങ്കിലും, അവയെ സുന്ദരമെന്നു പറഞ്ഞുകൂടാ. അതിലും വിശേഷിച്ച് സമകോണത്തിൽ വിലങ്ങനെ നില്ക്കുന്ന രേഖകൾ ഒരിക്കലും സുന്ദരമാകയില്ല. അതുകൊണ്ട് കുരിശ് അഴകുള്ള ആകൃതിയല്ല. ഈജിപ്തിലെ സ്തൂപങ്ങൾ മഹനീയമാണ്: പക്ഷേ, അവ രമണീയമല്ല. താജ്മഹാൾ പോലും രമണീയമോ മഹനീയമോ എന്ന് ബർക്ക് സംശയിച്ചേക്കാം. അതു വാസ്തവത്തിൽ അത്ര വലിയതാണ്. പക്ഷെ, അല്പം അകലെ നിന്നു നോക്കുമ്പോൾ അതിന്റെ അംഗങ്ങളുടെ സമീചിനമായ പൊരുത്തംകൊണ്ട് തോന്നിക്കുന്ന ഓമനത്തവും അതിന്റെ മിനുമിനുപ്പും താഴികക്കുടം മുതലായവയുടെ വളവും അതിനെ രമണീയവസ്തുക്കളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയേക്കാം.

മേൽപ്പറഞ്ഞവ കൂടാതെ മറ്റു പല ഭൗതികഗുണങ്ങളും സൗന്ദര്യത്തിനാധാരമായി സങ്കല്പിക്കപ്പെട്ടിട്ടുണ്ട്. ഏറെക്കുറെയുള്ള ദുർബലത, കണ്ണു മഞ്ഞളിപ്പിക്കുന്ന വർണ്ണങ്ങളുടെ അഭാവം. വർണ്ണങ്ങളുടെ നാനാത്വം, സ്വച്ഛമായ വെളിച്ചം-ഇങ്ങനെ പലതും. ഈ ഗുണങ്ങളെല്ലാം ഒത്തിണങ്ങിയാൽ സൗന്ദര്യം താനേ ഉളവാകുമെന്നാണ് ഭൗതികവാദം. പ്രാവിന്റെ മാറിടം, പൈതലിന്റെ കവിൾത്തടം, പൂവിന്റെ ഇതൾ, തരുണിയുടെ കണ്ഠസ്തനങ്ങൾ ഇങ്ങനെയുള്ള ദൃഷ്ടാന്തങ്ങളാണ് ബർക്ക് തന്റെ വാദത്തിന് ഉപോൽബലമായി ചൂണ്ടിക്കാണിക്കുന്നത്. പ്രസ്തുത ഗുണങ്ങക്കു സമാനമായി കലാലോകത്തിലും ചില ലക്ഷണങ്ങൾ അദ്ദേഹം കണ്ടെത്തിയിട്ടുണ്ട്. ബൃഹത്തായ ഒരു ശിനുമോ

ഹോമറിന്റെ മഹാകാവ്യമോ രമണീയമാണെന്ന് അദ്ദേഹം പറയുകയില്ല. അവ മഹനീയമെന്ന മറ്റൊരു പട്ടികയിലാണുൾപ്പെടുന്നത്. രമണീയമായ വസ്തുക്കൾ പ്രേമത്തോടു സാദൃശ്യമുള്ള ഒരു വികാരം തമ്മിൽ ജനിപ്പിക്കുന്നു. നമ്മിലുള്ള സ്ഥൂലതയെല്ലാം ദ്രവിപ്പിക്കുന്നു. ഈ ഫലം വസ്തുക്കളുടെ മേൽപ്പറഞ്ഞ ഗുണങ്ങളെമാത്രമാണ് ആശ്രയിച്ചിരിക്കുന്നതെന്നാണ് ബർക്കിന്റെ വാദം. ഈ ഗുണങ്ങൾ ഇന്ദ്രിയമാർഗ്ഗേണ നമ്മിൽ ജനിപ്പിക്കുന്ന വികാരമാണ് സൗന്ദര്യാവബോധം. ഈ ഗുണങ്ങളുടെ സംയോഗത്തിൽ പ്രസ്തുത ഫലം ഉളവാകാതിരിക്കുകയില്ല; ഉളവായേ കഴിയൂ എന്നു തന്നെ പറയാം.

ഇങ്ങനെ വസ്തുക്കളുടെ ഭൗതികഗുണങ്ങളെ സൗന്ദര്യത്തിന്റെ അധിഷ്ഠാനമായി കല്പിക്കുന്നത് പ്രഥമദൃഷ്ടിയിൽ യുക്തിയുക്തമായി തോന്നാമെങ്കിലും, അതു നമ്മുടെ അനുഭവത്തിനു യോജിച്ചതല്ല. ഒരാൾ സുന്ദരമെന്നു കരുതുന്നത് മറ്റൊരാൾ മറിച്ചു വിചാരിക്കുന്നതിന്റെ ന്യായം ഈ വാദത്തിൽ നിന്നു വിശദീഭവിക്കുന്നില്ല. ഒരു വസ്തുവിന്റെ ഘനം, നിറം മുതലായ ഭൗതികഗുണങ്ങളെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ടാകാനിടയില്ലല്ലോ. എന്നാൽ സൗന്ദര്യത്തിന്റെ കാര്യം അങ്ങനെയല്ല. ഇക്കാര്യത്തിൽ വ്യക്തിപരമായ വാസനകൾ നടമാടുന്നു. ഒരാളിന്റെ കാമിനിയെപ്പറ്റി മറ്റൊരാൾ, `അവൻ എന്തുകണ്ടിട്ടാണ് ആ പെണ്ണിലിത്ര ഭ്രമിച്ചു നടക്കുന്നത്?' എന്നു ചോദിക്കുന്നു. വസ്തുക്കളുടെ ഗുണം മാത്രം നോക്കിയാൽ ഈ സംശയങ്ങൾക്കു പരിഹാരമുണ്ടാകയില്ല.

ഗുണങ്ങളെണ്ണി സൗന്ദര്യം നിശ്ചയിക്കുന്ന രീതിയുടെ അപര്യാപ്തത കാണിക്കാൻ ഒരു ദൃഷ്ടാന്തം മതി. ഞാൻ ഇത് എഴുതികൊണ്ടിരിക്കുമ്പോൾ തറയിൽ ഒരു തേരട്ട ഇഴഞ്ഞുപോകുന്നതു കാണുന്നു. ബർക്ക് സൗന്ദര്യാധിഷ്ഠാനമായി കല്പിക്കുന്ന ഗുണങ്ങളെല്ലാം അതിനുണ്ട്. അത് ചെറുതാണ്. അതിന്റെ ആകൃതിയിൽ വളവുണ്ട്. ഞാൻ അതിനെ തൊട്ടുനോക്കിയില്ല. എന്നാലും അതിന്റെ പുറത്തിനു മിനുസമുണ്ടെന്നാണു തോന്നുന്നത്. നിറവും തരക്കേടില്ല. ദുർബലതയും കൃശത്വവും അതിനുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും പ്രേമത്തോടു യാതൊരു സാദൃശ്യവുമുള്ള വികാരമല്ല അതിനെ കാണുമ്പോൾ എനിക്കുണ്ടാകുന്നത്. അതിനെ കാണുമ്പോഴുള്ള അറപ്പ് എനിക്കുമാത്രമല്ല തോന്നുന്നതെന്നും എനിക്കറിയാം. ഭൗതികഗുണവാദം ശരിയാണെങ്കിൽ അങ്ങനെ തോന്നാൻ വഴിയില്ല.

**46.** ബർക്കിൻെറ അഭിപ്രായത്തിൽ രമണീയമായ വസ്തു എന്താണ്?

(A) ഭൗതികമായ ഗുണങ്ങൾ കൊണ്ട് സമ്പന്നമായിരിക്കണം

(B) മഹനീയമായിരിക്കണം

(C) വസ്തുവിനു വലിപ്പമുണ്ടായിരിക്കണം

(D) പ്രായേണ ചെറുതായിരിക്കണം

47. സൗന്ദര്യം നിർമ്മിക്കപ്പെടുന്നതിൻെറ ഭൗതിക വാദപരമായ അടിത്തറകളെന്ത്?

(i) അംഗങ്ങളുടെ സമീചീനമായപൊരുത്തം

(ii) ദുർബ്ബലതയും കടുംവർണങ്ങളുടെ അഭാവവും

(iii) വർണങ്ങളുടെ നാനാത്വവും സ്വച്ഛമായ വെളിച്ചവും

(iv) വസ്തുവിന്റെ ഘനവും നിറവും

(A) (i) ശരി (B) (iii) - ഉം (iv) - ഉം ശരി

(C) (ii) - ഉം (iii) - ഉം ശരി (D) (ii) മാത്രം ശരി

48. കുരിശ് അഴകുള്ള ആകൃതിയല്ല എന്ന് ബർക്ക് വാദിക്കുന്നത് എന്തുകൊണ്ട്?

(A) കുരിശ് ഒതുക്കവും മാർദ്ദവവും ഇല്ലാത്തതുകൊണ്ട്

(B) കുരിശ് ഇന്ദ്രിയ മാർഗ്ഗേണ നമ്മിൽ വികാരം ജനിപ്പിക്കാത്തതുകൊണ്ട്

(C) സമകോണത്തിൽ വിലങ്ങനെ നില്ക്കുന്ന രേഖകൾ ഒരിക്കലും സുന്ദരമാകാത്തതുകൊണ്ട്

(D) അത് ഒരു സാമുദായിക ചിഹ്നമായതുകൊണ്ട്

49. **കാര്യം :** ഭൗതിക ഗുണങ്ങളെണ്ണി സൗന്ദര്യം നിശ്ചയിക്കുന്ന രീതി അപര്യാപ്തമാണ്

**കാരണം :** വസ്തു ഗുണങ്ങൾ വ്യക്തി രുചികളുടെ അടിസ്ഥാനത്തിൽ മാറുന്നതു കൊണ്ട്

(A) കാര്യം ശരി, കാരണം ഭാഗികമായി ശരി

(B) കാര്യം ശരി. കാരണം തെറ്റ്. പലപ്പോഴും ഭൗതിക ഗുണങ്ങൾ പ്രേമത്തോടു സാദൃശ്യമുള്ള വികാരങ്ങൾ നമ്മിൽ ജനിപ്പിക്കാറില്ല.

(C) കാര്യവും കാരണവും തെറ്റ്

(D) കാര്യവും കാരണവും ശരി

50. പ്രബന്ധ ഭാഗത്ത് ലേഖകൻ ഊന്നൽ കൊടുക്കുന്ന ആശയങ്ങൾ

(i) ബർക്കിന്റെ ഭൗതിക ഗുണവാദചിന്ത

(ii) വികാര ജന്യമായ സൗന്ദര്യാവബോധത്തിന്

(iii) കുരിശ്, ഊജിപ്തിലെ സ്തൂപങ്ങൾ, താജ്മഹൽ എന്നിവയുടെ സൗന്ദര്യം

(iv) സൗന്ദര്യത്തിന്റെ അടിസ്ഥാനം ഭൗതിക ഗുണങ്ങൾ മാത്രമാണെന്ന ചിന്തയുടെ നിഷേധം

(A) (i) മാത്രം ശരി (B) (ii) - ഉം (iv) - ഉം ശരി

(C) (iii) മാത്രം ശരി (D) (i) - ഉം (iv) - ഉം ശരി

- o O o -

**Space For Rough Work**